മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ആഗസ്റ്റ് 23

# വാർത്താക്കുറിപ്പ്

---

## എം.ജി. ബിരുദ-ഇന്റഗ്രേറ്റഡ് ഏകജാലകം: രണ്ടാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

മഹാത്മാഗാന്ധി സർവ്വകലാശാല ബിരുദ-ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകളിലേക്കുള്ള ഏകജാലകം രണ്ടാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. പുതുതായി അലോട്ട്മെന്റ് ലഭിച്ചവർ ആഗസ്റ്റ് 26 ന് വൈകിട്ട് നാല് മണിക്ക് മുൻപായി നിശ്ചിത സർവ്വകലാശാല ഫീസ് ഒടുക്കി പ്രവേശനമെടുക്കേണ്ടതാണ്. സ്ഥിര പ്രവേശമാഗ്രഹിക്കുന്നവരും ഒന്നാം ഓപ്ഷനിൽ അലോട്ട്മെന്റ് ലഭിച്ചവരും പ്രവേശനത്തിനായി നേരിട്ട് കോളേജുകളിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. താത്കാലിക പ്രവേശമെടുക്കുന്നവർ നിശ്ചിത സർവ്വകലാശാല ഫീസ് ഒടുക്കി 'മോഡ് ഓഫ് അഡ്മിഷൻ' കൺഫേം ചെയ്ത് കോളേജുമായി ബന്ധപ്പെട്ട് പ്രവേശനം കൺഫേം ചെയ്യേണ്ടതാണ്. പ്രവേശാർത്ഥികൾ ആഗസ്റ്റ് 26 ന് വൈകിട്ട് നാല് മണിക്ക് മുൻപായി പ്രവേശനം നേടിയതിന്റെ കൺഫർമേഷൻ സ്ലിപ് ഡൗൺ ലോഡ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്. കൺഫർമേഷൻ സ്ലിപ് ഇല്ലാതെ പരാതികൾ സ്വീകരിക്കുന്നതല്ല. ഒന്നാം അലോട്ട്മെന്റിൽ താത്കാലിക പ്രവേശനം ലഭിച്ചവർക്ക് രണ്ടാം അലോട്ട്മെന്റിലും അതേ അലോട്ട്മെന്റ് സ്റ്റാറ്റസ് തന്നെയാണെങ്കിൽ അത്തരക്കാർ സ്ഥിരഃപ്രവേശം ആഗ്രഹിക്കുന്നുവെങ്കിൽ മാത്രം സ്ഥിരപ്രവേശം സെലക്ട് ചെയ്ത് കോളേജുകളിൽ ഹാജരായി പ്രവേശനം കൺഫേം ചെയ്യേണ്ടതാണ്. ഒന്നാം അലോട്ട്മെന്റിൽ താത്കാലിക പ്രവേശനം ലഭിച്ചവർ താത്കാലിക പ്രവേശനത്തിൽ തുടരാൻ ആഗ്രഹിക്കുവെങ്കിൽ ഒന്നും തന്നെ ചെയ്യേണ്ടതില്ല. വിശദവിവരങ്ങൾക്ക് cap.mgu.ac.in എന്ന ക്യാപ്പ് വെബ്സൈറ്റിൽ നൽകിയിട്ടുള്ള വീഡിയോ ഡെമോ കാണേണ്ടതാണ്.

(പി.ആർ.ഒ./39/120 4/2022)

## എം.ജി. യിൽ പൊതു പ്രവേശനദിനം

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ പഠന വകുപ്പുകളിലും സെന്ററുകളിലും വിദ്യാർത്ഥികൾ, പൊതുജനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, എൻ.ജി.ഒ., വ്യവസായ യൂണിറ്റുകൾ തുടങ്ങിയവർക്ക് സർവ്വകലാശാല സന്ദർശിക്കുവാൻ അവസരം നൽകുന്നു. ആഗസ്റ്റ് 26 ന് രാവിലെ ഒൻപത് മുതൽ വൈകിട്ട് ആറ് വരെയാണ് പൊതുപ്രവേശനം അനുവദിക്കുന്നത്. സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലെ പ്രവർത്തനങ്ങളും ഗവേഷണ സൗകര്യങ്ങളും പൊതു സമൂഹത്തിന് മുമ്പിൽ അവതരിപ്പിക്കുകയെന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. ഗവേഷണശാല സന്ദർശനം, ലൈബ്രറി, മ്യൂസിയം സന്ദർശനം, ശാസ്ത്ര പ്രദർശനങ്ങൾ, ഫോട്ടോ/ പോസ്റ്റർ എക്സിബിഷൻ, ബോധവത്കരണ ക്ലാസ്സുകൾ, യോഗ/ മന:ശാസ്ത്ര പരിശീലനം,

സെമിനാറുകൾ/ സംവാദങ്ങൾ, പുസ്തകമേള തുടങ്ങിയവയാണ് പരിപാടിയുടെ പ്രധാന ആകർഷണങ്ങൾ.

(പി.ആർ.ഒ./39/120 5/2022)

## ഏകദിന ശില്പശാല: ഡീ അഡിക്ഷൻ കൗൺസിലിംഗ്

മഹാത്മാഗാന്ധി സർവ്വകലാശാല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേണിംഗ് ഡിസെബിലിറ്റിയുടെയും ഇന്ത്യൻ കൗൺസിലേഴ്സ് അസ്സോസിയേഷന്റെയും ആഭിമുഖ്യത്തിൽ ഡീഅഡിക്ഷൻ കൗൺസിലിംഗിൽ ഏകദിന ശില്പശാല സംഘടിപ്പിക്കുന്നു. ആഗസ്റ്റ് 27 ന് രാവിലെ 10 മുതൽ വൈകിട്ട് നാല് വരെ നടക്കുന്ന ശില്പശാലയിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ ആഗസ്റ്റ് 25 ന് മുമ്പ് 8606534916, 9497585033 എന്നീ നമ്പറുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

(പി.ആർ.ഒ./39/120 6/2022)

## കരാർ നിയമനം

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഇന്റർ സ്കൂൾ സെന്റർ ആയ ബിസിനസ് ഇന്നൊവേഷൻ ആന്റ് ഇൻകുബേഷൻ സെന്റർ (ബി.ഐ.ഐ.സി.) ൽ 'ടെക്നോളജി ബിസിനസ് ഇൻകുബേറ്റർ മാനേജർ' തസ്തികയിൽ ഒരൊഴിവിലേക്ക് താൽകാലിക / കരാർ നിയമനത്തിനായി വോക്-ഇൻ ഇന്റർവ്യൂ ആഗസ്റ്റ് 29 ന് 10 മണിക്ക് സർവ്വകലാശാല ഹെഡ് ക്വാർട്ടേഴ്സിൽ വച്ച് നടക്കും. യോഗ്യത, പ്രായം, പ്രതിഫലം തുടങ്ങിയ വിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ (www.mgu.ac.in).

(പി.ആർ.ഒ./39/120 7/2022)

## സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ എം.എ.എസ്.ഡബ്ല്യൂ.ഡി.എസ്.എ. കോഴ്സിന് 2022-24 പ്രവേശന ബാച്ചിൽ എസ്.സി. വിഭാഗത്തിൽ സീറ്റൊഴിവുണ്ട്. താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ആഗസ്റ്റ് 24 ന് രാവിലെ 10 മുതൽ 11.30 നകം വകുപ്പ് ഓഫീസിൽ എത്തേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0481-2731034, 9496201466, 9495213248 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

(പി.ആർ.ഒ./39/120 8/2022)

## പ്രാക്ടിക്കൽ/ വൈവാ വോസി

2022 ജൂലൈയിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എൽ.ഐ.ബി.എസ്.സി. (2020 അഡ്മിഷൻ - റഗുലർ) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ആഗസ്റ്റ് 27 ന് പുല്ലരിക്കുന്ന് സ്കൂൾ ഓഫ് ടെക്നോളജി ആൻഡ് അപ്ലൈഡ് സയൻസിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/120 9/2022)

2022 ജൂണിൽ നടത്തിയ ആറാം സെമസ്റ്റർ ബി.കോം. സി.ബി.സി.എസ്.എസ്. (2013-2016 അഡ്മിഷൻ - റീ-അപ്പിയറൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ/ വൈവാ വോസി പരീക്ഷകൾ ആഗസ്റ്റ് 29, 30, 31 തീയതികളിൽ അതത് കേന്ദ്രങ്ങളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/12 10/2022)

മൂന്നാം സെമസ്റ്റർ എം.എസ്.ഡബ്ല്യു (2020 അഡ്മിഷൻ - റഗുലർ) ആഗസ്റ്റ് 2022 പരീക്ഷയുടെ ഫീൽഡ് വർക്ക് വൈവ വോസി പരീക്ഷ ആഗസ്റ്റ് 29 മുതൽ അതത് കോളേജിൽ വച്ച് നടത്തും.

(പി.ആർ.ഒ./39/12 11/2022)

ഒന്നാം സെമസ്റ്റർ ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ് (2021 അഡ്മിഷൻ - റഗുലർ / 2020 അഡ്മിഷൻ - ഇംപ്രൂവ്മെന്റ് / റീ-അപ്പിയറൻസ് / 2017, 2018, 2019 അഡ്മിഷൻ - റീ-അപ്പിയറൻസ്) ജൂൺ 2022 പരീക്ഷയുടെ സോഫ്റ്റ്വെയർ ലാബ് I പ്രാക്ടിക്കൽ പരീക്ഷ ആഗസ്റ്റ് 29, 30 തീതികളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/12 12/2022)

## മാറ്റി വച്ച പ്രാക്ടിക്കൽ പരീക്ഷ

2022 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ ബി.വോക്. ഫാഷൻ ടെക്നോളജി (പുതിയ സ്കീം - 2020 അഡ്മിഷൻ - റഗുലർ / 2018, 2019 അഡ്മിഷൻ - റീ-അപ്പിയറൻസ്/ ഇംപ്രൂവ്മെന്റ്) പരീക്ഷയുടെ മാറ്റി വച്ച പ്രാക്ടിക്കൽ പരീക്ഷകൾ ആഗസ്റ്റ് 29 മുതൽ പാലാ അൽഫോൻസാ കോളേജിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/12 13/2022)

## പരീക്ഷാ ഫലം

2022 മാർച്ചിൽ നടത്തിയ ഒന്ന്, നാല് വർഷ ബി.എഫ്.എ. പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് സഹിതം സെപ്റ്റംബർ ആറ് വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സ്വീകരിക്കും.

(പി.ആർ.ഒ./39/12 14/2022)

**അനിൽകുമാർ ജി.**
**പബ്ലിക് റിലേഷൻസ് ഓഫീസർ (i/c)**